DESPATCHED
On..18/12/21

01/12/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP No.875(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*7097/എസ്.ഐ.സി–ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. സോമാനന്ദൻ,
എം.എം.ആർ.എ.-91, യമുന,
മണ്ണാമ്മൂലപ്പാലം ജംഗ്ഷൻ,
മണികണ്ഠേശ്വരം പി.ഒ.,
തിരുവനന്തപുരം -695 013 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസ്,
   തിരുവനന്തപുരം
2. അപ്പീൽ അധികാരി,
   ദക്ഷിണ മേഖലാ രജിസ്ട്രേഷൻ
   ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ,
   തിരുവനന്തപുരം–695023

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.09.2021 |
| ഹിയറിംഗ് തീയതി | 24.11.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. സോമാനന്ദൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയോട് 14 ദിവസങ്ങൾക്കകം മറുപടി ലഭ്യമാക്കണമെന്നു നിർദ്ദേശിച്ചിട്ടും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 13.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, Space Engineers Welfare Society SARAS, PLRA-184, Pattom, Trivandrum-695004 രജിസ്റ്റർ ചെയ്ത തീയതി, രജിസ്ട്രേഷൻ നമ്പർ, പ്രസ്തുത സൊസൈറ്റിയുടെ ബൈലയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ടി സൊസൈറ്റിയുടെ 1995–96 വർഷത്തെ വാർഷിക റിട്ടേൺസിന്റെ (ഭരണസമിതി ലിസ്റ്റ്, വരവ് ചെലവ് കണക്ക്) സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നും മറ്റുമായി 20 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 01.01.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ഓഫീസ് രേഖകൾ പരിശോധിച്ചതിൽ 958/95 ാം നമ്പരായി Space Engineers Welfare Society എന്ന പേരിൽ ഒരു സംഘം 11.12.1995 ൽ ടി ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നുവെന്നും ടി സംഘത്തിന്റെ നിയമാവലി 10 പേജുകളിലാണെന്നും ആയത് പേജ് ഒന്നിന് 2/- രൂപ നിരക്കിൽ 10 പേജുകൾക്ക് 20 രൂപ ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്നും ടി ഓഫീസിൽ

സംഘങ്ങളുടെ ഭാരവാഹിലിസ്റ്റും വർഷിക വരവ്ചെലവ് കണക്കുകളും നിയമാവലി ഭേദഗതികളുമാണ് ഫയൽ ചെയ്യുന്നതെന്നും സംഘം അവസാനമായി റിട്ടേൺസ് ഫയൽ ചെയ്തത് 07.03.2018 ൽ ആണെന്നും 2015–16, 2016–17 വർഷങ്ങളിലെ വാർഷിക റിട്ടേൺസ് ഉൾപ്പെട്ടുവരുന്നതായി കാണുന്നുവെന്നും ആയതിന്റെ പകർപ്പിന് പേജ് ഒന്നിന് 2/– രൂപ നിരക്കിൽ 20 പേജുകൾക്ക് 40 രൂപ ഫീസ് അടച്ച് കൈപ്പറ്റാവുന്നതാണെന്നും മറ്റു വർഷങ്ങളിലെ റിട്ടേൺസ് തിരഞ്ഞു വരികയാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ്. പകർപ്പ് പൂർണ്ണമായും ലഭ്യമാകാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി 15 ദിവസങ്ങൾക്കകം പകർപ്പുകൾ ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കുവാൻ ബാക്കിയുള്ള രേഖകൾ തെരഞ്ഞു കണ്ടെത്തുന്നതിന് ജീവനക്കാരുടെ ഭാഗത്തു നിന്നും ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടി രേഖകൾ ലഭ്യമായിട്ടില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും പൂർണ്ണമായി രേഖകൾ നൽകിയിട്ടുള്ളതായി കാണുന്നില്ല. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി രേഖകൾ കണ്ടെത്തി നൽകാൻ നിർദ്ദേശം നൽകിയെങ്കിലും ടിയാന് വിവരങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നാണ് ഹർജികക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. കൂടാതെ ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 2,3,4,5,6,7,8,9, 10,11,12,13,15 എന്നീ ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ബോധിപ്പിച്ചു. ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയത് 70,000 ഓളം സൊസൈറ്റികൾ എതിർകക്ഷി ഓഫീസിൽ രജിസ്റ്റർ

ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ ഉള്ളവയെല്ലാം കമ്പ്യൂട്ടറിൽ ആണ് രേഖപ്പെടുത്തുന്നതെന്നും ടിയാൻ ആവശ്യപ്പെടുന്ന വർഷങ്ങൾ 1995 മുതൽ 2009 വരെയാണെന്നും ആയത് പ്രതേക്യം പ്രത്യേകം സൂക്ഷിച്ചു വക്കുവാൻ സ്ഥലപരിമിതി കാരണം ടി ഓഫീസിന് കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ കണ്ടെത്താൻ വളരെയധികം ബുദ്ധിമുട്ടാണെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴി അംഗീകരിക്കത്തക്കതാണ്. കമ്മീഷൻ ആയത് മുഖവിലക്കെടുക്കുന്നുവെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പരമാവധി ലഭ്യമാക്കുവാൻ ആഫീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ടീമിനെ നിശ്ചയിച്ച് ഫയലുകൾ കണ്ടെത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ഹർജികക്ഷിക്ക് ലഭ്യമാക്കാൻ ഒരിക്കൽ കൂടി പരിശ്രമം നടത്തേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ. എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp